**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 674** **09-06-2021 - ൽ മറുപടിയ്ക്ക്**

**എല്ലാ വീട്ടുകളിലും ശുദ്ധജലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദീൻ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ വീട്ടുകളിലും ശുദ്ധജലമെത്തിക്കാൻ സാധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ വഴി കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീട്ടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീട്ടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ളം ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അമൃത്, കിഫ്ബി, കെ.എസ്.യു.ഡി.പി, സംസ്ഥാന പദ്ധതികൾ എന്നിവ വഴി നഗര പ്രദേശങ്ങളിലെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ആവശ്യമായ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം നഗര പ്രദേശങ്ങളിലും പരമാവധി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ ഇതിനാവശ്യമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ വഴി കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീട്ടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീട്ടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി |

| | | | |
|---|---|---|---|
| | | | കുടിവെള്ളം ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അമൃത്, കിഫ്ബി, കെ.എസ്.യു.ഡി.പി, സംസ്ഥാന പദ്ധതികൾ എന്നിവ വഴി നഗര പ്രദേശങ്ങളിലെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ആവശ്യമായ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം നഗര പ്രദേശങ്ങളിലും പരമാവധി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ